ശ്രീ. ഇ. കെ. നായനാർ : നിർദ്ദേശം നൽകാം.

മി. ചെയർമാൻ : അടുത്തതായി ശ്രീ. ജയരാജൻ.....

(2) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ജയരാജൻ : സർ, തൊഴിൽരഹിതരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. 40 ലക്ഷത്തോളം രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുള്ള സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം. ഇതിൽ 32 ലക്ഷവും എസ്.എസ്.എൽ.സി. മുതൽ മുകളിലോട്ട് വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ബിരുദവും ബിരുദാനന്തര ബിരുദവും വിദ്യാഭ്യാസ യോഗ്യതയുള്ളവർ മാത്രം വരും 3 ലക്ഷം. 2000-ലെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിലെ കണക്കുപ്രകാരം നമ്മുടെ സംസ്ഥാനത്ത് സംഘടിത മേഖലയിൽ 12,15,945 തൊഴിലവസരങ്ങളാണുള്ളത്. പൊതുമേഖലയിൽ ജോലിചെയ്യുന്നവർ 6,39,340 പേരാണ്. സ്വകാര്യ മേഖലയിലാകട്ടെ 5,76,605 പേർ ജോലി നോക്കുകയാണ്. മുൻവർഷത്തേക്കാൾ തൊഴിലവസരങ്ങൾ പൊതുമേഖലയിലും സംഘടിത മേഖലയിലും വർദ്ധിച്ചുവെന്നാണ് പ്ലാനിംഗ് ബോർഡിന്റെ സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നത്. വിദേശത്ത് ജോലിനോക്കുന്ന മലയാളികൾ 11.41 ലക്ഷം വരും. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന മലയാളികളാകട്ടെ ഏതാണ്ട് 30 ലക്ഷത്തോളം വരും. കഴിഞ്ഞ കുറെ വർഷങ്ങളായി വിദേശത്ത് ജോലി ചെയ്യുന്നവർ തിരിച്ച് നാട്ടിലേക്ക് വരുകയാണ്. പ്ലാനിംഗ് ബോർഡ് തന്ന കണക്കനുസരിച്ച് 5,43,700 പേർ ഈ വർഷം ഇവിടെ സെറ്റിൽ ചെയ്തു. സൗദി അറേബ്യയിൽ നിന്നുമാത്രം 2,50,000 പേർ തിരിച്ചു വന്നിരിക്കുകയാണ്. അതു 46 ശതമാനം വരും. വിദേശത്ത് തൊഴിൽസാധ്യത കുറഞ്ഞു വരുന്നു എന്നതാണ് നമ്മെ ഏറെ ഉൽക്കണ്ഠപ്പെടുത്തുന്ന കാര്യം. അതോടൊപ്പം നമ്മെ ഉൽക്കണ്ഠപ്പെടുത്തുന്ന മറ്റൊരു കാര്യമാണ് കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ-ഉദാരവൽക്കരണനയംമൂലം തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നുവെന്ന വസ്തുത. 2001-2002 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്ര സർവ്വീസിൽ 10 ശതമാനം തസ്തിക വെട്ടിക്കുറയ്ക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. മൂന്നുപേർ റിട്ടയർ ചെയ്താൽ ഒരാളെ മാത്രമേ നിയമിക്കാവൂ എന്നതാണ് ബഡ്ജറ്റ് നിർദ്ദേശം. കഴിഞ്ഞ രണ്ട് വർഷമായി നിയമന നിരോധനമാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയിരിക്കുന്നത്. കേന്ദ്ര സർവ്വീസിലും പൊതുമേഖലയിലും പുതിയ നിയമനങ്ങൾ ഒരു ശതമാനം മാത്രമാക്കി ചുരുക്കിയിരിക്കുകയാണ്. ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ് പോലുള്ള റിക്രൂട്ടിംഗ് ഏജൻസികളെ ഒഴിവാക്കുകയാണ്. ഐ.എം.എഫ്., വേൾഡ് ബാങ്ക്, വേൾഡ് ട്രേഡ് ഓർഗനൈസേഷൻ ഈ ത്രിമൂർത്തികളുടെ കല്പന പ്രകാരം വിവിധ പൊതുമേഖലകളിലും സർക്കാർ വകുപ്പുകളിലും തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കുകയാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച ഗീതാകൃഷ്ണൻ കമ്മിറ്റി ഇപ്രകാരമാണ് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത്. The Committee has recommended for 70 per cent

LIBRARY ARCHIVES Kerala Legislative Assembly

reduction of class III and class IV staff in some of the department which included Films Division, Directorate of Field Publicity, Children's Film Society, National Film Archives, Directorate of Advertising and visual Publicity, Song and Drama Division, Photo Division, National Film Development Corporation etc. The Committee has further recommended to stop recruitment and creation of any new post. The work done by those departments would be handed over to private sectors. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണ്.

കോൺഗ്രസ് ഭരിക്കുന്ന മഹാരാഷ്ട്രയിൽ നിരവധി ഗവൺമെന്റ് 10 A.M] വകുപ്പുകൾ ഇപ്പോൾ സ്വകാര്യവൽക്കരിച്ചിരിക്കുകയാണ്. ബി.ജെ. പി. ഭരിക്കുന്ന യു.പി.യിൽ നാലുലക്ഷം സർക്കാർ വകുപ്പുകളിലെ തസ്തികൾ നിർത്തലാക്കിയിരിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്നകർണ്ണാടകയിൽ ആയിരക്കണക്കിന് തസ്തികൾ വെട്ടിക്കുറച്ചിരിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന മധ്യപ്രദേശിൽ 70,000 താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിരിക്കുകയാണ്. തെലുങ്കുദേശം ഭരിക്കുന്ന ആന്ധ്രാപ്രദേശിൽ 6 സർക്കാർ വകുപ്പുകൾ നടത്തിപ്പിനായി സിങ്കപ്പൂരിലെ ഒരു ബഹുരാഷ്ട്ര കുത്തക കമ്പനിയെ ഏല്പിക്കുകയും സർക്കാർ ജീവനക്കാർക്കുപോലും വി.ആർ.എസ് നൽകി പിരിച്ചയക്കുകയുമാണ് ചെയ്യുന്നത്. ഈ പട്ടിക നീണ്ടതാണ്. ഫലത്തിൽ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിയമന നിരോധനവും തസ്തിക വെട്ടിക്കുറയ്ക്കലുമാണ് ഇപ്പോഴത്തെ നയം. കേന്ദ്രസർക്കാരും ഇതര സർക്കാരുകളും തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കുന്നത് ആ സംസ്ഥാനങ്ങളെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. അത് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്ന ഒരു ഇൻഡ്യൻ സംസ്ഥാനം മറുനാട്ടിൽ ജോലി തേടിപ്പോകുന്ന മലയാളികളുള്ള ഈ കേരളമാണ്. തൊഴിൽരഹിതരെ ദുരിതത്തിന്റെ ഈ നടുക്കടലിലേക്ക് തള്ളിവിടാനാണ് ചെലവുചുരുക്കൽ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. വിദേശത്തു ജോലി ചെയ്യുന്ന മറുനാടൻ മലയാളികൾ, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മറുനാടൻ മലയാളികൾ ഇതൊക്കെ ലക്ഷക്കണക്കിന് വരും. ഇവർക്ക് ജോലിക്ക് സുരക്ഷിതത്വം ഇല്ലെന്നുള്ളതാണ് ഈ നയത്തിന്റെ ഫലമായി ഉണ്ടാകാൻ പോകുന്നത്. ഡെൽഹിയിൽ ആയിരക്കണക്കിന് മലയാളികൾ ഈയിടെ വഴിയാധാരമായി. ഇത്രയും കാര്യങ്ങൾ ഞാനിവിടെ അവതരിപ്പിക്കാൻ കാരണം, നമ്മുടെ സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽതേടി മറ്റു നാട്ടിലേക്ക് പോകാമെന്ന ഒരു നില ഇന്നിപ്പോൾ കുറഞ്ഞുവരുന്നു എന്ന ഗൗരവമായ പ്രശ്നമാണ്. ഇത് ഗൗരവമായ ഒരു സാമൂഹ്യ പ്രശ്നമാണ്. അതുകൊണ്ടു തന്നെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ തൊഴിൽ സാധ്യതകൾ പൂർണ്ണമായി കണ്ടെത്താനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മിഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന നടപടികൾ; അതുപോലെതന്നെ വ്യാവസായിക മേഖലയുൾപ്പെടെയുള്ള വിവിധ രംഗങ്ങളിലൂടെയുള്ള തൊഴിലവസരങ്ങൾ ശക്തിപ്പെടുത്തൽ, ഇതാണ് നമ്മുടെ തൊഴിൽ സാധ്യത കണ്ടെത്താൻ കഴിയുന്ന രംഗങ്ങൾ. ഈ എല്ലാ മേഖലയേയും നമുക്ക് പ്രയോജനപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയണം. മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യുകയും അർഹരായവരെ നിയമിക്കുകയും ചെയ്യുന്ന ഒരു നിലയുണ്ടാകണം. ജനകീയാസൂത്രണത്തിലൂടെ വ്യാവസായിക-കാർഷിക മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി വേണം. വ്യവസായമുൾപ്പെടെ വിവിധ രംഗങ്ങളിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം. ചുരുക്കത്തിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്ന യാതൊരു മേഖലയും കേരളത്തിലെ തൊഴിൽരഹിത സമൂഹത്തിന് അന്യമല്ല. ഏതെങ്കിലുമൊരു തൊഴിൽ കിട്ടുമെന്ന പ്രതീക്ഷയുടെ നാമ്പ്കരിച്ചു കളയുന്ന കേന്ദ്ര പശ്ചാത്തലത്തിൽ എൽ.ഡി.എഫ്. സർക്കാരിൽ നിന്നും യുവജനസമൂഹം പ്രതീക്ഷിക്കുന്നത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളാണ്. പബ്ലിക് സർവ്വീസ് കമ്മിഷൻ കഴിഞ്ഞ 5 വർഷത്തിനിടയിൽ 77.35 ലക്ഷം അപേക്ഷകളാണ് പരിഗണിച്ചത്. അതിൽ 42,35,000 അപേക്ഷകളിൻമേൽ തീരുമാനമായിട്ടുണ്ട്. ഇപ്പോഴും 35 ലക്ഷം അപേക്ഷകൾ കെട്ടികിടക്കുകയാണ്. ഇതിനുകൂടി സമയബന്ധിതമായി തീർപ്പുണ്ടാകണം. അതാതുവർഷം തന്നെ അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ 5 വർഷത്തിനിടയിൽ 2082 തസ്തികളിലേക്കാണ് വിജ്ഞാപനം അനുസരിച്ച് അപേക്ഷ ക്ഷണിച്ചത്. ഇതിൽ 1992 റാങ്ക് ലിസ്റ്റുകളാണ് പ്രസിദ്ധീകരിച്ചത്. ഇനിയും 90 എണ്ണം പരീക്ഷ നടത്താനും ഇന്റർവ്യൂ നടത്താനുമായി കെട്ടിക്കിടക്കുകയാണ്. ഇത് അധികം വൈകാതെതന്നെ പൂർത്തീകരിക്കാൻ നമുക്ക് കഴിയണം. ചില വകുപ്പുമേധാവികൾ ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മിഷനെ അറിയിക്കുന്നില്ല. ഇത് വ്യാപകമായി പരാതിയുള്ളതാണ്. സർക്കാർ തുടർച്ചയായി ഉത്തരവിറക്കിയിട്ടുപോലും അത് പാലിക്കപ്പെടുന്നില്ല. ഒരു ഉദാഹരണം മാത്രം ഞാൻ പറയാം. ഡ്രൈവർമാരുടെ ഒരു റാങ്ക് ലിസ്റ്റ് തിരുവനന്തപുരത്ത് നിലവിലുണ്ട്. അതിന്റെ കാലാവധി അടുത്ത നാൾ പൂർത്തീകരിക്കാൻ പോവുകയാണ്. ഇപ്പോഴും വിവിധ വകുപ്പുകളിലായി 56 ഒഴിവുകളുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ചീഫ് സെക്രട്ടറി തന്നെ ഈയിടെ തുടർച്ചയായി വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകി. ഹൈക്കോടതി ഇതുസംബന്ധിച്ച് ഉത്തരവുമിറക്കി. റിപ്പോർട്ട് ചെയ്യാത്ത ചില വകുപ്പു മേധാവികളുണ്ട്. അവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണം. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്നുറപ്പുണ്ടാക്കാൻ കഴിയണം. പബ്ലിക് സർവ്വീസ് കമ്മിഷൻ കമ്പ്യൂട്ടർവൽക്കരിക്കുകയും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ചെയ്യണം. ലക്ഷക്കണക്കിന് അപേക്ഷകൾ പരിഗണിക്കുന്ന ഒരു സ്ഥാപനമാണത്. ആ സ്ഥാപനം കൃത്യമായി പുനഃസംഘടിപ്പിച്ച് ശാസ്ത്രീയമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ ഈ അപേക്ഷകളെല്ലാം യഥാസമയം പരിഗണിക്കാൻ കഴിയുകയുള്ളു. ജീവനക്കാരുടെ കാര്യക്ഷമത ഏറ്റവും പ്രധാനമാണ്. ജീവനക്കാരെ ആവശ്യാനുസരണം ഈ മേഖലയിൽ നിയമിക്കണം. മറ്റു മേഖലയിലുള്ളതുപോലെയല്ല ഈ മേഖല എന്നു നമുക്ക് കാണാൻ കഴിയും. ഫെബ്രുവരി 19-ാം തീയതി ഈ സഭയിലെ 12-ാം നമ്പർ ചോദ്യത്തിനുള്ള ഒരു മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയത് സാധ്യമായ എല്ലാ ജോലികളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ്. യുവജനസംഘടനകളെല്ലാം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. ആഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കാൻ ഒരു കുടിശ്ശിക സെല്ലിന്റെ പ്രവർത്തനം ഈയിടെ ആരംഭിക്കുകയുണ്ടായി. ആ കുടിശ്ശിക സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി നടത്താൻ സാധിക്കണം. പബ്ലിക് സർവ്വീസ് കമ്മിഷന്റെ അംഗങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അടിയന്തിരമായി നിശ്ചയിക്കാൻ കഴിയണം. ഇങ്ങനെ പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും വ്യാവസായിക മേഖലയുൾപ്പെടെയുള്ള വിവിധ മേഖലകൾ വഴിയും തൊഴിലവസരങ്ങൾ വ്യാപകമായി സൃഷ്ടിച്ചുകൊണ്ടല്ലാതെ ഈ ഗുരുതരമായ സാമൂഹ്യ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല. അതിനുവേണ്ടി ഗവൺമെന്റ് ഗൗരവമായി നടപടി സ്വീകരിക്കണമെന്നാണ് എനിയ്ക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, കഴിഞ്ഞ കുറെ വർഷങ്ങളായി പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് വളരെയധികം കാലതാമസമുണ്ടാവുന്നതായി പരാതി ഉയർന്നുവന്നിട്ടുണ്ട്. നിയമനത്തിന് അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ വർഷങ്ങൾക്കുശേഷമാണ് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിരുന്നത്. റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നാൽ അതിൽനിന്ന് നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കാതിരിക്കുന്നതുകൊണ്ട് ഉള്ള ഒഴിവുകളിലെല്ലാം നിയമനം നടത്താൻ കഴിയാത്ത സാഹചര്യവുമുണ്ടായിരുന്നു. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് കാരണം അപേക്ഷകളുടെ ബാഹുല്യവും പി.എസ്.സി. യിലെ സൗകര്യങ്ങളുടെ പരിമിതിയുമാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ദീർഘമായ കാത്തിരിപ്പിനും ഒഴിവുകൾ യഥാസമയം നികത്താൻ കഴിയാത്തതുമൂലം ഗവൺമെന്റ് സർവ്വീസിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിനും ഇടയാകുന്ന ഈ കാലതാമസം പരമാവധി ഒഴിവാക്കി പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിനു വേണ്ടി കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ വർദ്ധിച്ചു വരുന്ന ജോലികൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് ജീവനക്കാരുടെ എണ്ണത്തിലും കാര്യമായ വർദ്ധന ഉണ്ടായെങ്കിലേ കഴിയൂ. ഈ യഥാർത്ഥ്യം മനസ്സിലാക്കി കമ്പ്യൂട്ടർവൽക്കരണത്തോടൊപ്പം വിവിധ നിലവാരത്തിലുള്ള 298 പുതിയ തസ്തികകൾ ഇതിനകം പി.എസ്.സി. ആഫിസിൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1997 മുതൽ 27 ഉദ്യോഗസ്ഥൻമാരോട് കൂടി ഒരു റീജിയണൽ ആഫീസ് കൊല്ലത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ചു. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ കാലതാമസം കൂടാതെയും റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുമായി നിലവിലുള്ള ഒഴിവുകളെല്ലാം യഥാസമയം പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശനമായ നിർദ്ദേശം എല്ലാ വകപ്പു അധികാരികൾക്കും ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ തന്നെ നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പി.എസ്.സി. റാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റുകൾ നിലവിൽ ഇല്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം നടത്തുവാനും നിർദ്ദേശം നൽകി. ഇതിന്റെയെല്ലാം ഫലമായി കഴിഞ്ഞ നാലരവർഷക്കാലം കൊണ്ട് 1,04,711 പേർക്ക് പി.എസ്.സി. വഴി നിയമനം ശുപാർശ നൽകാൻ കഴിഞ്ഞു. 89,770 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനം നൽകി. മുൻ ഗവൺമെന്റിന്റെ കാലത്ത് 5 വർഷം കൊണ്ട് പി.എസ്.സി വഴി നിയമനത്തിന് ശുപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം 75,596 മാത്രമാണ്. മറ്റ് സംസ്ഥാന സർവ്വീസുകളിലും കേന്ദ്ര സർവ്വീസിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമന നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇത്രയും പേർക്ക് തൊഴിൽ നൽകാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞത്. ഇതിൽതന്നെ കഴിഞ്ഞ 10 മാസത്തിനുള്ളിൽ 25,885 പേരെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതൊരു സർവ്വകാല റെക്കാർഡാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിനും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുംവേണ്ടി ജില്ലാതലത്തിൽ യുവജനങ്ങളുടെ പ്രാതിനിധ്യത്തോടുകൂടി ഉപദേശക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റ് നൽകുന്നതിനുള്ള കാലാവധി സ്ഥിരം ഒഴിവുകൾക്ക് ആറ് ആഴ്ചയിൽ നിന്നും ഒരു മാസമായും താൽക്കാലിക ഒഴിവുകൾക്ക് 5 ആഴ്ചയിൽ നിന്നും രണ്ട് ആഴ്ചയായും പാർട്ട് ടൈം ഒഴിവുകൾക്ക് നാലാഴ്ചയിൽ നിന്നും ഒരാഴ്ചയായും കുറച്ചിട്ടുണ്ട്. കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുറക്കുകയും ഇവിടങ്ങളിൽ ആവശ്യമായ ജീവനക്കാരെ നൽകുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണം വഴി 30,706 പേർക്ക് ജോലി ലഭിച്ചു. 12,000 വനിതകൾക്ക് അംഗനവാടികൾ വഴി ജോലി നൽകി. കൈത്തറിമേഖലയിൽ 1.87 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 187 വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് 14,475 പേർക്ക് തൊഴിലവസരങ്ങൾ നൽകി. കെ.എസ്.ഐ.ഡി.സി. വഴി 15,000 പേർക്കും കയർമേഖലയിൽ 25,000 പേർക്കും തൊഴിൽ ലഭ്യമാക്കാൻ സാധിച്ചു. ടെക്നോപാർക്ക് വഴി 5,500 പേർക്കും ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളിലൂടെ 28,220 പേർക്കും ജോലി നൽകി. കുടുംബശ്രീ പദ്ധതി വഴി 26,474 അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സാധുക്കളായ സ്ത്രീകൾക്ക് വിവിധ മേഖലകളിൽ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകി. സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ ആസ്ഥാനങ്ങളിലും പട്ടികജാതിയിൽപ്പെട്ട ബിരുദധാരികളായ 1049 യുവതീയുവാക്കളെ എസ്.സി.പി, കോ-ഓർഡിനേറ്റർമാരായി നിയമിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1000 അഭ്യസ്തവിദ്യരെ പിന്നോക്ക മേഖലകളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളായി നിയമിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 12,000 പേർക്കും പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ വഴി 23,000 പേർക്കും വനിതാ വികസന കോർപ്പറേഷൻ വഴി 12,886 പേർക്കും സ്വയം തൊഴിലിനുള്ള അവസരം സൃഷ്ടിച്ചു. കൂടാതെ ജനകീയ മത്സ്യകൃഷി, അലങ്കാര മത്സ്യക്കൃഷി, മത്സ്യ സംസ്ക്കരണ യൂണിറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ വഴി 40,750 പേർക്കും തൊഴിലവസരങ്ങൾ നൽകി. സഹകരണ മേഖലയിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളിലൂടെ 8,375 പേർക്കും ജോലി നൽകി. ആകെ 14,45,226 പേർക്ക് തൊഴിൽ നൽകുന്നതിനു കഴിഞ്ഞ 57 മാസം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിലും മറ്റു അനുബന്ധമേഖലകളിലും ഉണ്ടായിട്ടുള്ള തൊഴിൽ സാദ്ധ്യതകൾ ഇതിനുപുറമേയാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഈ രാജ്യത്ത് അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ സർക്കാർ പരമാവധി പരിശ്രമം നടത്തിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, ബഹു: മുഖ്യമന്ത്രി ഇന്ന് പി.എസ്.സി. ആസ്ഥാനത്ത് കമ്പ്യൂട്ടർവൽക്കരണ പരിപാടിയുടെ ഔപചാരികമായിട്ടുള്ള ഉദ്ഘാടനം നിർവ്വഹിക്കുകയാണ്. പി.എസ്.സി. ആസ്ഥാനത്തെ തുടർന്ന് ജില്ലാ പി.എസ്.സി. ആഫീസുകളിലും ഈ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയാൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിഹരിക്കുവാൻ, തീർപ്പു കല്പിക്കുവാൻ സാധിക്കും. അപ്രകാരം കമ്പ്യൂട്ടർവൽക്കരണം വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഇന്നത്തെ ദിവസം കഴിഞ്ഞിട്ടേ പറ്റൂ. മറ്റേതു ദിവസമുണ്ടെങ്കിൽ നോക്കാം.

IV സബ്മിഷൻ

(1) 'പേപ്പട്ടി വിഷത്തിന് പാമ്പിൻ വിഷം പ്രതിവിധി' എന്ന കണ്ടുപിടിത്തത്തിന് പേറ്റന്റ് ലഭിക്കണമെന്ന ആവശ്യം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പേപ്പട്ടി കടിച്ച് ഗ്രാമപ്രദേശങ്ങളിൽ സാധുക്കളായ ആളുകൾ ധാരാളം മരണപ്പെടുന്നുണ്ട്. അതിനാവശ്യമായ പ്രതിവിധി കണ്ടെത്തുകയോ ആവശ്യമായ മരുന്ന് ലഭ്യമാക്കുകയോ ചെയ്യാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ചിറയിൻകീഴ് സ്വദേശിയായ പുഷ്കരാക്ഷൻ ഇതു സംബന്ധിച്ച് ഒരു ഗവേഷണം നടത്തി പേപ്പട്ടി വിഷത്തിനുള്ള പ്രതിവിധി കണ്ടുപിടിച്ച്, അതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടി ദീർഘകാലമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ചില ലോബികൾ തടസ്സം നിന്നതുകൊണ്ട് അദ്ദേഹത്തിന്റെ മരുന്നിന് അംഗീകാരം കിട്ടാത്ത ഒരു അവസ്ഥയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് പുഷ്കരാക്ഷന്റെ കണ്ടുപിടിത്തത്തിനു അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഏതെങ്കിലും രോഗത്തിന് പ്രതിവിധിയായി ഒരു പുതിയ മരുന്ന് ഉപയോഗിക്കുന്നതിന് അധികാരം നൽകേണ്ടത് കേന്ദ്ര ഡ്രഗ്സ് കൺട്രോളറാണ്. മൃഗങ്ങളിലും മറ്റും പരീക്ഷണം നടത്തിയതിനുശേഷം മരുന്ന് ഫലവത്താണെന്ന് തെളിയിക്കുകയും അപകടകരമായ പാർശ്വഫലങ്ങൾ ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്താൽ മാത്രമേ ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly